റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങൾ താഴെപ്പറയുന്നവയായിരുന്നു:

- കേരളത്തിന്റെ ഇത്തരത്തിലുള്ള വിളക്കുകളുടെ ഉപയോഗത്തെക്കുറിച്ച് പഠനം നടത്തി പരിസ്ഥിതി സൗഹൃദവും, ചെലവു കുറഞ്ഞതും കേരളത്തിന് അനുയോജ്യമായതും ലോക നിലവാരത്തിലുള്ളതുമായ റീസൈക്കിൾ മാതൃകകൾ കണ്ടെത്തുക.
- സി.എഫ്.എൽ., ട്യൂബ് ലൈറ്റുകൾ ഇവ ശേഖരിക്കുന്നതിനും സുരക്ഷിതമായി നശിപ്പിക്കുന്നതിനുമുള്ള പ്ലാന്റുകളുടെ വിന്യാസം നിർണ്ണയിക്കുക.
- ഇവയിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വേർതിരിക്കൽ, അവയുടെ സംസ്കരണം എന്നിവയ്ക്ക് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

തദനുസരണം ഐ.ആർ.ജി. സിസ്റ്റംസ് തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് 29-6-2015-ൽ തിരുവനന്തപുരത്ത് വച്ച് Pollution Control Board, KSUDP, Environment Department, KSEB, ANERT, Clean Kerala Company എന്നിവയിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ഇതുസംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൂടി അടങ്ങിയ അന്തിമ റിപ്പോർട്ടാണ് തയ്യാറാക്കിവരുന്നത്.

മാവേലിക്കരയിലെ കോട്ടത്തോടിന്റെ നവീകരണം

72 (3226) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നഗരസഭയിൽ കോട്ടത്തോടിന്റെ നവീകരണത്തിന് മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ നവീകരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2013-14 വർഷത്തെ പ്ലാൻ

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിൽപ്പെടുത്തി 'ക്ളീനിംഗ് ആന്റ് റെജുവിനേഷൻ ഓഫ് കോട്ടത്തോട്, മാവേലിക്കര, ആലപ്പുഴ' എന്ന പദ്ധതിക്കായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച ഉക മാവേലിക്കര മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നഗരസഭയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സഹകരണവകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ്

73 (3227) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പുതുതായി ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പി.എസ്.സി വെരിഫിക്കേഷൻ രേഖകൾ ഇനിയും പി.എസ്.സി.ക്ക് അയച്ചുനൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പുതുതായി ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ നടപടികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. വെരിഫിക്കേഷൻ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതിനാൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷനും തുടർന്ന് ലഭിക്കാവുന്ന ഉദ്യോഗക്കയറ്റവും വൈകുന്ന സ്ഥിതിവിശേഷം നിലവിലുണ്ടെങ്കിൽ അവ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014 ഡിസംബർ 31 വരെ ഈ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ, 5 ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ രേഖകൾ ഇനിയും പി.എസ്.സി.ക്ക് നൽകേണ്ടതുണ്ട്.

(ബി) 2014 ഡിസംബർ 31 വരെ ഈ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ 37 ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാകാനുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധി

74 (3228) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly